## എന്തിനാണ് ഗ്രീൻ പ്രോട്ടോക്കോൾ

മണ്ണിനും മനുഷ്യനും മനുഷ്യരാശിക്കും ദുരന്ത സൂചന നൽകിക്കൊ ് പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും, ഇനവും വർദ്ധിച്ചു വരുന്നു. ആഗോളവത്കരണവും കമ്പോളീകരണവും ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പെട്ടെന്ന് എത്തിച്ചേരാനുള്ള വ്യഗ്രതയും നമ്മെ എത്തിച്ചിരിക്കുന്നത് മാലിന്യ കൂനകളിലേക്കും മാറാവ്യാധികളിലേക്കുമാണ്. മാലിന്യം കൂനകൾ ഉയരുന്നതും മാറാ വ്യാധികൾ പടരുന്നതും ആയത് പരിഹരിക്കാൻ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ പെരുകുന്നതും സ്ഥിരം കാഴ്ചയാണ്. നമ്മുടെ സമ്പത്തിന്റെ നല്ലൊരു പങ്കും ഇത്തരത്തിൽ അറിഞ്ഞോ അറിയാതെയോ നാം ചെലവഴിച്ചു തീർക്കുകയാണ്. ഫലം ആരോഗ്യനഷ്ടം, ധനനഷ്ടം, വരും തലമുറയുടെ ഭാവി അനിശ്ചിതത്വത്തിലേക്കും എത്തിച്ചേരും. “രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുക” എന്ന ആപ്തവാക്യം ശുചിത്വം മുന്നോട്ട് വയ്ക്കുന്ന ഗ്രീൻ പ്രോട്ടോക്കോളിലൂടെ മറ്റൊരു വ്യഖ്യാനത്തിലേക്ക് എത്തുകയാണ്. മാലിന്യം ഉത്പാദിപ്പിച്ചിട്ട് അത് സംസ്കരിക്കുന്നതിനുള്ള പോം വഴി അന്വേഷിച്ച് നടക്കാതെ മാലിന്യ ഉത്പാദനം കുറയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത്.

## എന്താണ് ഗ്രീൻ പ്രോട്ടാക്കോൾ

മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് വേ ി ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾക്ക് പ്രചാരം കൊടുക്കുകയും ശേഷം ഉ ാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിലൂടെ വളമാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വം. ഇത്തരത്തിൽ മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പകുതിയോളം കുറയയ്ക്കുന്നതിനും അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതു മൂലവും, കത്തിക്കുന്നത് മൂലവുമുള്ള ഗുരുതര ആരോഗ്യപ്രശ്നങ്ങൾ കുറക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ സാധിക്കും. വൻ ജന പങ്കാളിത്തമു ാകുന്ന ഉത്സവങ്ങളിലും ആഘോഷങ്ങളിലും, മേളകളിലും, വിവാഹങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് വൻതോതിലുള്ള മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമാണ്.

## ഗ്രീൻ പ്രോട്ടോക്കോൾ തത്വങ്ങൾ ചുവടെ കൊടുക്കുന്നു.

- നിത്യജീവിതത്തിൽ നിന്ന് എല്ലാത്തരം (പ്ളാസ്റ്റിക്, പേപ്പർ ഉൾപ്പെടെ) ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗങ്ങൾ പൂർണ്ണമായും ഒഴിവാക്കുക
- ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കാൻ കഴിയുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുക.
- നിരോധിത പ്ളാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും മേൽ വിഷയത്തിലുളള സർക്കാർ ചട്ടങ്ങൾ കൃത്യമായ് പാലിക്കുകയും ചെയ്യുക.
- ജൈവ-അജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിക്കുക.
- ജൈവമാലിന്യം കമ്പോസ്റ്റിങ്ങിലൂടെ വളമാക്കുകയോ/ബയോഗ്യാസ് പ്ളാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക.
- അജൈവ വസ്തുക്കൾ പ്രത്യേകം തരംതിരിച്ച് വൃത്തിയാക്കി, ഉണക്കി സൂക്ഷിക്കുന്നതടക്കം ആയത് നിശ്ചിത അളവാകുമ്പോൾ പാഴ് വസ്തു വ്യാപാരികൾക്ക് പുന:ചംക്രമണത്തിനായ് കൈമാറുകയും ചെയ്യുക.
- ഇ – മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സൂക്ഷിക്കേ തും ആയത് ശേഖരിക്കുന്ന പാഴ് വസ്തു വ്യാപാരികൾക്ക് യഥാസമയം കൈമാറേ തുമാണ്.
- ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേ തും, തുണിയിലോ, ചണത്തിലോ പേപ്പറിലോ തുടങ്ങി പ്രകൃതിക്കിണങ്ങുന്ന സഞ്ചികൾ കൈയ്യിൽ കരുതുകയും ചെയ്യുക.
- സാധനങ്ങൾ പരാമവധി ഒരുമിച്ച് വാങ്ങാൻ ശ്രമിക്കേ തും കടകളിൽ പോകുമ്പോൾ പ്രത്യേകം പ്രകൃതി സൗഹൃദ സഞ്ചികൾ ആവശ്യാനുസരണം കൈയ്യിൽ കരുതുകയും ചെയ്യുക.
- അപകടകരമായ മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം ഒഴിവാക്കേ തും ആയത് പ്രത്യേകം വൃത്തിയാക്കി സൂക്ഷിക്കേ തും പുന:ചംക്രമണത്തിനായി പാഴ് വസ്തു വ്യാപാരികൾക്ക് നൽകേ താണ്.

## ഗ്രീൻ പ്രോട്ടോക്കോളും സർക്കാരും

2015 ദേശീയ ഗെയിംസ് സംസ്ഥാനത്ത് ആദ്യമായ് ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തിയ ഇവന്റാണ്.നൂറുശതമാനം വിജയകരമായി നടപ്പിലാക്കിയ ഇവന്റ് തികച്ചും ഡിസ്പോസിബിൾ രഹിതമായതിനാൽ വിദേശികളുടേതുൾപ്പെടെ അകമഴിഞ്ഞ പ്രശംസപറ്റുന്നതിന് കാരണമായ്. അന്ന് തൊട്ട് സംസ്ഥാന സർക്കാർ ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതിക്ക് അർഹമായ പിന്തുണ നൽകിവരുന്നു ്. എന്നാൽ 2016 ൽ അധികാ

രത്തിൽ വന്ന ഇടതു മുന്നണി സർക്കാർ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ എല്ലാ സർക്കാർ പരിപാടികൾക്കും നിർബന്ധമാക്കിയതോടെ പൊതുസമൂഹം അംഗീകരിക്കുന്ന മാലിന്യ പരിപാലന തത്വമായ ഗ്രീൻ പ്രോട്ടോക്കോൾ രൂപാന്തരപ്പെട്ടു. കൂടാതെ വിദ്യാഭ്യാസ വകുപ്പും പോലീസ് മേധാവിയും പുറത്തിറക്കിയ സർക്കുലറുകളിലൂടെ കേരളത്തിലെ വിദ്യാലയങ്ങളും പോലീസ് സ്റ്റേഷനുകളും ഗ്രീൻ പ്രോട്ടോക്കോളിലേക്ക് ചുവടുവച്ചത് പ്രസ്തുത പദ്ധതിയുടെ പ്രചരണത്തിന് ആക്കം കൂട്ടി. തുടർന്ന് സർക്കാർ ഡിപ്പാർട്ട്മെന്റുകൾ ഒന്ന്ഒന്നൊായി ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ മാലിന്യ പരിപാലനത്തിന് മാതൃകയാകുന്ന കാഴചയാണ് ക ുവരുന്നത്.

## ഗ്രീൻ പ്രോട്ടോകോളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും

ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതോടെ അടിസ്ഥാന പരമായി ഏറെ ഗുണം ലഭിക്കുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ്. പഞ്ചായത്തീ രാജ് ആക്ട് പ്രകാരം മാലിന്യ സംസ്കരണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയായതിനാൽ ഇന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതു തന്നെ. ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾ ജന പങ്കാളിത്തത്തോടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നടപ്പിലാക്കാവുന്നതാണ്.

- തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കുക
- തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ എല്ലാ വീടുകൾക്കും ഗ്രീൻപ്രോട്ടോക്കോൾ ബാധകമാക്കുകയും മാതൃകാപരമായി ഗ്രീൻ പ്രോട്ടാക്കോൾ നടപ്പിലാക്കുന്ന കുടുംബങ്ങൾക്ക് അവാഡ് നൽകുകയും ചെയ്യുക.
- കുടുംബശ്രീ ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളുടെ സഹായത്തോടെ കൃത്യമായ അജൈവ മാലിന്യ ശേഖരണം നടത്തുക. കുടുംബശ്രീ പ്രവർത്തകരെ ഗ്രീൻ ടെക്നീഷ്യൻമാരാക്കി കമ്പോസ്റ്റിങ്ങ് /ബയോഗ്യാസ് ഉപാധികളുടെ പരിപാലനം നടത്തുക
- ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഗാർഹിക/സ്ഥാപന/ കമ്മ്യൂണിറ്റി തലങ്ങളിൽ അനുയോജ്യമായ ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ശുചിത്വ മിഷന്റെ സഹായത്തോടെ സ്ഥാപിക്കുക.
- തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും സ്വകാര്യ സ്ഥാപനങ്ങളിലും ആശുപത്രികളിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുകയും അജൈവമാലിന്യ ശേഖരണം നടത്തുകയും ചെയ്യുക.

- ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ  സംഭരിക്കുന്നതിനും തരം തിരിക്കുന്ന തിനും  ശുചിത്വ മിഷനുമായി ചേർന്ന് മെറ്റീരിയൽ  റിക്കവറി ഫെസിലിറ്റികൾ സ്ഥാപി ക്കുക.
- നിരോധിത  പ്ളാസ്റ്റിക് ഉത്പന്നങ്ങളുടേയും ഡിസ്പോസിബിൾ വസ്തുക്കളുടേയും വിപണനവും ഉത്പാദനവും കർശനമായി നിരോധിക്കുക
- കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ വിവാഹ ആവശ്യങ്ങൾക്കും പൊതു പരിപാടികൾക്കും വാടകക്ക് നൽകുന്നതിന് വേ 1  കുടുംബശ്രീ മുഖാന്തിരം മൈക്രോ എന്റർപ്രൈസസുകൾ ആരംഭിക്കുക.
- പൊതു നിരത്തുകളിലും സ്കൂൾ- കോളേജുകളിലും സർക്കാർ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ സന്ദേശങ്ങൾ അടങ്ങിയ ബോർഡുകൾ, ഹോർഡിംഗുകൾ, ചുവ രെഴുത്തുകൾ, ബ്രോഷറുകൾ തുടങ്ങിയവ സ്ഥാപിക്കുക
- റസിഡൻസ് അസോസിയേഷൻ വഴി ഗ്രീൻ പ്രോട്ടോക്കോൾ  പ്രചരിപ്പിക്കുക
- ആരാധനാലയങ്ങളുമായി  ചേർന്നുള്ള  വിവാഹമണ്ഡപങ്ങളിലും ഒപ്പം തന്നെ ഉത്സവ ങ്ങളിലും, ഘോഷയാത്രകളിലും,  അന്നദാനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ  നടപ്പിലാ ക്കുക
- വാർഡ്മെമ്പർമാർ/കൗൺസിലർമാർ മുഖേന  ഗ്രീൻ പ്രോട്ടോക്കോൾ  കമ്മിറ്റികൾ റസി ഡൻസ് അസോസിയേഷനുകളുടെ സഹായത്തോടെ രൂപീകരിക്കുക
- സ്ഥാപനങ്ങൾ, വ്യാപാര വ്യവസായ ശാലകൾ എന്നിവിടങ്ങളിൽ നിന്നും കൃത്യമായ് പ്ളാസ്റ്റിക് ശേഖരിക്കുന്നതിനും ജൈവമാലിന്യം സംസ്കരിക്കുന്നതിനുമുള്ള  ഉപാധികൾ ശുചിത്വ മിഷനുമായ് ചേർന്ന് സ്വീകരിക്കുക
- ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാത്തവർക്കെതിരെ കടുത്ത നടപടികൾ സ്വീകരിക്കുക. ആയതിലൂടെ എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം  എന്ന സന്ദേശം പ്രചരിപ്പിക്കുക.